പത്രക്കുറിപ്പ്
11-10-2017

**കുടുംബശ്രീയുടെ നേതൃത്വത്തിൽ**
**195 പഞ്ചായത്തുകളിൽ സ്വച്ഛത പക്വാഡ:**

തിരുവനന്തപുരം: സംസ്ഥാനത്ത് മിഷൻ അന്ത്യോദയ പദ്ധതിക്കായി കേന്ദ്ര ഗ്രാമവികസന വകുപ്പ് തിരഞ്ഞെടുത്തിട്ടുള്ള 195 ഗ്രാമപഞ്ചായത്തുകളിൽ ഗ്രാം സമൃദ്ധി ഏവം സ്വച്ഛത പക്വാഡ പരിപാടി നടത്തുന്നു. 2019 ഓടെ രാജ്യത്ത് 5000 ദാരിദ്ര്യരഹിത ഗ്രാമങ്ങളും 2022 ഓടെ 50000 ദാരിദ്ര്യരഹിത ഗ്രാമങ്ങളും സൃഷ്ടിക്കുക എന്നതാണ് കേന്ദ്ര ഗ്രാമവികസ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കി വരുന്ന മിഷൻ അന്ത്യോദയ പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ഗ്രാം സമൃദ്ധി ഏവം സ്വച്ഛത പക്വാഡ പരിപാടി രാജ്യത്തെ 50000 പഞ്ചായത്തുകളിൽ ഒക്ടോബർ ഒന്നു മുതൽ 15 വരെ നടപ്പാക്കി വരികയാണ്. ഇതിന്റെ തുടർച്ചയായാണ് കേരളത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ടാഴ്ച നീണ്ടു നിൽക്കുന്ന മാതൃകാ പ്രവർത്തനങ്ങൾ നടത്തി വരുന്നത്.

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പാക്കി വരുന്ന എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുരോഗതി വിലയിരുത്തലും പ്രചാരണവുമാണ് ദ്വൈവാര പ്രചാരണ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെയാണ് ഇതു നടപ്പാക്കുക. ഇതിന്റെ ഭാഗമായി 195 അന്ത്യോദയ പഞ്ചായത്തുകളിലും ഗ്രാമസഭകൾ സംഘടിപ്പിച്ചു വരികയാണ്. ഇതോടൊപ്പം ഈ പദ്ധതികളുടെ ലക്ഷ്യങ്ങൾ ലഭ്യമാകുന്ന ആനുകൂല്യങ്ങൾ സേവനങ്ങൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ താഴേതട്ടിലെത്തിക്കാനുള്ള പ്രചാരണ പ്രവർത്തനങ്ങളും കുടുംബശ്രീയുടെ നേതൃത്വത്തിൽ ഊർജിതമായി നടത്തി വരുന്നു. ഇതിന്റെ മുന്നോടിയായി ഗ്രാമപഞ്ചായത്തുകൾ വഴി കുടുംബശ്രീ ശുചിത്വ മിഷൻ എന്നിവ നടപ്പാക്കുന്ന എല്ലാ കേന്ദ്രപദ്ധതികളെയും സംബന്ധിച്ച് കുടുംബശ്രീ എഡി.എസ് സി.ഡി.എസ് പ്രവർത്തകർ ആശാ വർക്കർമാർ എന്നിവർക്ക് റിസോഴ്സ് പേഴ്സൺമാർ ക്ലാസ് നൽകി.

ഗ്രാമപഞ്ചായത്തുകളിൽ നടത്തി വരുന്ന പദ്ധതി പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതിനായി പരിശീലനം നേടിയ കുടുംബശ്രീ റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ സമഗ്ര സർവേ നടത്തി വരികയാണ്. ഈ വിവരങ്ങളെല്ലാം നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ സർവേ ഫോമിൽ രേഖപ്പെടുത്തിയ ശേഷം റിപ്പോർട്ടുകൾ അതത് പഞ്ചായത്ത് കമ്മിറ്റികളുടെ അംഗീകാരത്തോടെ ആൻഡ്രോയ്ഡ് മൊബൈൽ ആപ് വഴി കേന്ദ്ര ഗ്രാമവികസന വകുപ്പിനു സമർപ്പിക്കും.

കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ ഡി.ഡി.യു.ജി.കെ.വൈ , എൻ.ആർ.എൽ.എം, പി.എം.എ.വൈ-(ജി) മഹിളാ കിസാൻ സശാക്തീകരൺ പരിയോജന എന്നീ പദ്ധതികളും അവയുടെ ലക്ഷ്യങ്ങളും കൂടുതൽ ആളുകളിലേക്കെത്തിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ രംഗശ്രീ കലാടീമുകളെ ഉപയോഗിച്ചുകൊണ്ടുള്ള തെരുവുനാടകങ്ങൾ ബാലസഭാ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് വിവിധ പരിപാടികൾ ക്ലീനിങ്ങ് കാമ്പെയ്നുകൾ എന്നിവയും 195 പഞ്ചായത്തുകളിൽ സംഘടിപ്പിച്ചു വരികയാണ്. സർവേ ഉൾപ്പെടെ രണ്ടാഴ്ച നീണ്ടു നിൽക്കുന്ന മുഴുവൻ പ്രവർത്തനങ്ങളും ഫോട്ടോ വീഡിയോ എന്നിവ സഹിതം രേഖപ്പെടുത്തുന്നുണ്ട്. പരിശീലനം നേടിയ റിസോഴ്സ് പേഴ്സൺമാർക്കാണ് ഇതിന്റെ ചുമതല. പ്രചാരണ പരിപാടികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ജില്ലാതല ഏകോപനത്തിനുള്ള ചുമതല അതത് ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്കായിരിക്കും.

(ഫോട്ടോ: അടിക്കുറിപ്പ്- സ്വച്ഛത പക്വാഡയുടെ ഭാഗമായി കുടുംബശ്രീ രംഗശ്രീ കലാട്രൂപ്പിന്റെ നേതൃത്വത്തിൽ തെരുവു നാടകം നടത്തുന്നു)

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ